കേരള സാഹിത്യ അക്കാദമി
തൃശൂർ

# മനസ്സിനെ ബാധിക്കുന്ന എയ്ഡ്സ് തടയാൻ പുസ്തകം വായിക്കണം

## വൈശാഖൻ

തൃശൂർ : ഇന്ത്യൻ മനസ്സുകളെ എയ്ഡ്സ് ബാധിച്ചിരിക്കുകയാണെന്ന് അക്കാദമി പ്രസിഡന്റ് വൈശാഖൻ പറഞ്ഞു. ശരീരത്തിന്റെ പ്രതിരോധശേഷി നഷ്ടപ്പെടുന്ന അവസ്ഥയാണ് എയ്ഡ്സ്. മനസ്സിനെ എയ്ഡ്സ് ബാധിക്കുമ്പോൾ തിരിച്ചറിവും വിവേകവുമാണ് നഷ്ടപ്പെടുക. ജീവിതത്തിന് തിരിച്ചറിവ് നൽകുന്ന പുസ്തകവായനയിലൂടെ മനസ്സിനെ ബാധിക്കുന്ന എയ്ഡ്സിനെ ഇല്ലാതാക്കാനാവുമെന്നും അദ്ദേഹം പറഞ്ഞു. കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തിന്റെയും എഴുത്തരങ്ങ് സാംസ്കാരികോത്സവത്തിന്റെയും സമാപനസമ്മേളനം ഉദ്ഘാടനംചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ കലാസാഹിത്യമത്സരങ്ങളിൽ വിജയികളായവർക്കും കവർ രൂപകൽപന, പുസ്തക നിർമിതി, മികച്ച സ്റ്റാൾ എന്നിവക്കുമുള്ള സമ്മാനങ്ങൾ അദ്ദേഹം വിതരണം ചെയ്തു.

സാധാരണ തൊഴിലാളികൾ, ഓട്ടിസം ബാധിച്ചവർ തുടങ്ങി സാഹിത്യം ഇതുവരെ കടന്നുചെല്ലാത്ത വിവിധ മേഖലകളിലേക്ക് സർഗാത്മകസാഹിത്യത്തിന്റെയും സാംസ്കാരികപ്രവർത്തനങ്ങളുടെയും പ്രവർത്തനം വ്യാപിപ്പിക്കുവാൻ കേരള സാഹിത്യ അക്കാദമി മുൻകൈയെടുക്കുമെന്ന് അധ്യക്ഷപ്രസംഗത്തിൽ അക്കാദമി വൈസ് പ്രസിഡന്റ് ഡോ.ഖദീജ മുംതസ് പറഞ്ഞു.

കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവം മികച്ച സാംസ്കാരികോത്സവമായി വികസിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് പത്ത് ദിവസത്തെ പരിപാടികൾ അവലോകനം ചെയ്തുകൊണ്ട് അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ പറഞ്ഞു. ദേശീയതലത്തിൽ ശ്രദ്ധേയരായ സംഗീതജ്ഞരും, സമകാലികപ്രശ്നങ്ങൾ ക്രിയാത്മകമായി ചർച്ച നടത്തിയ പ്രഗത്ഭരായ പണ്ഡിതന്മാരും പങ്കെടുത്ത വേദികൾ ആയിരക്കണക്കിനാളുകളെ ആകർഷിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ വിശിഷ്ടാതിഥിയായി. തൃശൂർ കോർപറേഷൻ ഡെപ്യൂട്ടി മേയർ വർഗീസ് കണ്ടംകുളത്തി മുഖ്യപ്രഭാഷണം നടത്തി. എം.വി.ജോസ് സ്വാഗതവും ഈ.ഡി.ഡേവീസ് നന്ദിയും പറഞ്ഞു.

രാവിലെ അഖിലകേരള അക്ഷരശ്ലോകപരിഷത്തിന്റെ നേതൃത്വത്തിൽ അക്ഷരശ്ലോകസദസ്സ് നടന്നു.

## പുസ്തകപ്രകാശനം

തൃശൂർ : ദേശീയ പുസ്തകോത്സവവേദിയിൽ പവിത്രൻ തീക്കുനിയുടെ കടൽച്ചിറകുള്ള പ്രണയത്തുമ്പികൾ, തീമരത്തണലിൽ എന്നീ പുസ്തകങ്ങൾ അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ ഡോ. എൻ.ആർഗ്രാമപ്രകാശിന് നൽകി പ്രകാശനം ചെയ്തു. ജീവിതം വലിയ പാഠപുസ്തകമാക്കുകയും കവിതയാക്കുകയും ചെയ്ത എഴുത്തുകാരനാണ് പവിത്രനെന്ന് കെ.പി.മോഹനൻ പറഞ്ഞു. തീക്ഷ്ണമായ അനുഭവങ്ങൾ കവിതയിലൂടെ സമർത്ഥമായി ആവിഷ്കരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി സെക്രട്ടറി കെ.എൻ.ഹരി അധ്യക്ഷനായി. ജേക്കബ് ബെഞ്ചമിൻ, ടി.ജി.അജിത, മധു നുറുങ്ങ്, സോബിൻ മഴവീട് എന്നിവർ സംസാരിച്ചു. പവിത്രൻ തീക്കുനി മറുപടിപ്രസംഗം നടത്തി.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

തൃശൂർ
10.04.2017